**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6417** **20-03-2023 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴയിൽ വനം വകുപ്പിന് കൈമാറി ലഭിച്ച ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴയിൽ എത്ര ഭൂമിയാണ് വനം വകുപ്പിന് കൈമാറി ലഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത ഭൂമിയിൽ എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിൽ ഏതെങ്കിലും പദ്ധതിയ്ക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; ഓരോ പദ്ധതിയുടെയും വിശദാംശവും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും ലഭ്യമാക്കുമോ? | (എ) | അമ്പലപ്പുഴ പുറക്കാട് വില്ലേജിൽ ഗാന്ധിസ്മൃതി വനം പദ്ധതിയിൽ കീഴിൽ റവന്യൂ വകുപ്പ് ഏറ്റെടുത്ത 174.7914 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്.<br><br>പ്രദേശത്തെ വിവധ ഇനത്തിൽപ്പെട്ട പക്ഷികളുടെയും, ഉരഗങ്ങളുടെയും, മത്സ്യ-ജല സസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യ ജന്തു ജാലങ്ങളുടെ സംരക്ഷണത്തോടൊപ്പം, പ്രദേശവാസികളുടെ ഉന്നമനം കൂടി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ആണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഇതോടനുബന്ധിച്ച് ജില്ലാ പെർമനന്റ് നേഴ്സറി നിർമ്മാണം, പദ്ധതി പ്രദേശത്തേക്കുള്ള റോഡ് സംരക്ഷണ ഭിത്തി കെട്ടി ബലപ്പെടുത്തുന്നത് എന്നീ പ്രവർത്തികൾക്കുള്ള ഭരണാനുമതിയും സാങ്കേതി അനുമതിയും നൽകിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ഒരു ഓഫീസ് റൂം, കമ്പോസ്റ്റ് യൂണിറ്റ്, സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണവും, 5 ഗ്രീൻ ഹൗസുകളുടെയും 3 പോളി ഹൗസുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. റോഡിന്റെ സംരക്ഷണഭിത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ